Little Kites

G V H S S CHETTIYAMKINAR

# DIGITAL MAGAZINE



# HASHTAG

# സമർപ്പണം

## മഹാപ്രളയത്തെ അതിജീവിച്ച

## കേരളത്തിനായ് ...............

# എഡിറ്റോറിയൽ

ചീഫ് എഡിറ്റർ ആർ.എസ്.മുരളീധരൻ(ഹെഡ് മാസ്റ്റർ)

സ്റ്റാഫ് എഡിറ്റർ ശ്രീലേഷ് (മലയാളം)

സ്റ്റുഡന്റ് എഡിറ്റർ ശ്രീലക്ഷ്മി(9 A)

എഡിറ്റർ ഇന്ദു പി(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

ബിന്ദു നരവത്ത്(ലിറ്റിൽ കൈറ്റ്സ്മിസ്ട്രസ്)

സാങ്കേതിക സഹായം മുബഷീറ കെ

കൂടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും.....

ചിത്രങ്ങൾ സഫ്‌വാൻ കരിക്കൾ(9 C)

മുഹമ്മദ് മുറാവിഹ്(9 C)

ഡിജിറ്റൽ മാഗസിൻ നിർമാണത്തിൽ

പങ്കു ചേർന്ന അധ്യാപകരോടും

വിദ്യാർത്ഥികളോടും നന്ദി അറിയിക്കുന്നു........

# ലിറ്റിൽ കൈറ്റ്സ്

## ഉള്ളടക്കം

1 അക്കാദമിക പ്രവർത്തനങ്ങളിലൂടെ........സ്കൂൾ പ്രവർത്തന റിപ്പോർട്ട്

2 ഓർമയുടെ അപരാധം............കഥ

3 മരിക്കുന്ന വായന.................ഉപന്യാസം

4 ജീവിതദൂരം......................കവിത

5 അംഗീകാരങ്ങൾ..............പുരസ്കാരങ്ങൾ

6 ചാന്ദിനി...........ഹിന്ദി കവിത

7 കൈയ്യെത്താദൂരം.........കവിത

8 കോഴിക്കോടിന്റെ വസന്തത്തിലേക്ക്......യാത്രാവിവരണം

9 സ്ത്രീപക്ഷ രാഷ്ട്രീയവും ജനാധിപത്യവും......ഉപന്യാസം

10 സ്കൂൾ കായികപ്രവർത്തനങ്ങളിലൂടെ.......റിപ്പോർട്ട്

11 Fourteen golden principles of stress free living

12 Exam Hall........poem

13 ചിത്രപ്രദർശനം.....കുട്ടികൾ വരച്ച ചിത്രങ്ങൾ

# അക്കാദമിക പ്രവർത്തനങ്ങളിലൂടെ .........

## 1 പുസ്തകകോന്തല (ലൈബ്രറി നവീകരണം)

**പൂർ**വവിദ്യാർത്ഥികളുടെ കൂട്ടായ്മയിൽ(പുസ്തക കോന്തല) നവീകരിച്ച ലൈബ്രറിയിൽ നിലവിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ട്. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പുറമെ ഹയർസെക്കൻററി വിദ്യാർത്ഥികൾക്കും എറെ ഉപകാരപ്രദമാകുന്ന തരത്തിൽ



സജ്ജീകരിച്ചിട്ടുള്ള ലൈബ്രറിയിൽ 'അമ്മവായന' എന്ന പേരിൽ രക്ഷിതാക്കൾക്കും പുസ്തകങ്ങൾ എടുക്കാൻ അവസരം ഉണ്ട്.

## 2 അമ്മവായന

അമ്മമാരെ വായനയുടെ ലോകത്തേക്ക് എത്തിച്ച് അതിനെ വിദ്യാർത്ഥികളുടെ അക്കാദമിക മികവിൻെറ

ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'അമ്മവായന' യ്ക്ക് ജൂൺ 19



**അമ്മമാരെ വായിപ്പിക്കാൻ ചെട്ടിയാംകിണർ സ്കൂളിലെ കുട്ടികൾ**

വായനവാരാചരണത്തിൻെറ ഭാഗമായി ചെട്ടിയാംകിണർ സ്കൂളിൽ അമ്മവായന പദ്ധതി ആരംഭിച്ചപ്പോൾ

**കോട്ടയ്ക്കൽ** ► ചെട്ടിയാംകിണർ ഗവ. ഹൈസ്കൂളിൽ മാതൃഭൂമി–വി.കെ.സി. നന്മ ക്ലബ്ബിൻെറ നേതൃത്വത്തിൽ വായനവാരം ആചരിച്ചു. പുസ്തകപ്രദർശനം, അമ്മമാർക്ക് പുസ്തകവിതരണം, നന്മ ലൈബ്രറിയിൽ അമ്മമാർക്ക് അംഗത്വം, കവിതാപാരായണം, പുസ്തകപരിചയം എന്നിവ നടന്നു. ഒമ്പതിനായിരത്തോളം പുസ്തകങ്ങളാണ് ലൈബ്രറിയിലുണ്ട്. ലൈബ്രറി നവീകരണം പൂർവ വിദ്യാർഥി കൂട്ടായ്മ ചെഗാസയുടെ പിന്തുണയോടെയാണ് ചെയ്തത്. പി.ടി.എ. പ്രസിഡന്റ് മേനാട്ടിൽ ഹംസക്കുട്ടി ഉദ്ഘാടനം ചെയ്തു. പ്രഥമാധ്യാപകൻ ആർ.എസ്. മുരളീധരൻ അധ്യക്ഷനായി. മാതൃഭൂമി–വി.കെ.സി. നന്മ കോ-ഓർഡിനേറ്റർ അസൈനാർ എടരിക്കോട് സംസാരിച്ചു.

വായനാദിനത്തിൽ തുടക്കമായി.

## 3 ശാസ്ത്രയാത്ര



വിദ്യാർത്ഥികളിൽ ശാസ്ത്രീയബോധം വളർത്തുന്നതിനും ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ മികവ്

പുലർത്തുന്നതിനും സഹായകരമാകുന്ന തരത്തിൽ നടത്തിയ നിരന്തര പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം സയൻസ് &ടെക്നോളജി മ്യൂസിയത്തിൽ വെച്ച് നടന്ന എക്സിബിഷനിലേക്ക് ജി.വി.എച്ച്.എസ്.എസ് ചെട്ടിയാംകിണർ 10A ക്ലാസിലെ ഹരികൃഷ്ണനുംഅരുണിനും പങ്കെടുക്കാൻ അവസരം കിട്ടി.

## 4 മുററത്തൊരു തേൻവരിക്ക

ചക്ക ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ചതിന്റെ പശ്ചാതലത്തിൽ പെരുമണ്ണ ക്ലാരി പഞ്ചായത്തിൽ അഞ്ഞൂറോളം പ്ലാവിൻത്തൈകൾ നടുന്ന പദ്ധതിക്ക് ജ്യൂൺ 5 പരിസ്ഥിതി ദിനത്തിൽ തുടക്കം കുറിച്ചു.പോഷകസമ്പന്നമായ ചക്കയുടെ ഉപയോഗം വർദ്ധിപ്പിക്കുക ,ചക്ക അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രചരിപ്പിക്കുക എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.


'മുറ്റത്തൊരു തേൻവരിക്ക' പദ്ധതിയുമായി ചെട്ടിയാംകിണർ ജി.വി.എച്ച്.എസ്.എസ്.

ചെട്ടിയാംകിണർ ► ജൂൺ അഞ്ചിന് പരിസ്ഥിതിദിനത്തിൽ പെരുമണ്ണ ക്ലാരി ഗ്രാമപ്പഞ്ചായത്തിൽ 500 പ്ലാവിൻതൈകൾ നട്ടുപിടിപ്പിക്കാനുള്ള 'മുറ്റത്തൊരു തേൻവരിക്ക' പദ്ധതിയുമായി ചെട്ടിയാംകിണർ ജി.വി.എച്ച്.എസ്.എസ്. ജൂനിയർ റെഡ്ക്രോസ് അംഗങ്ങൾ. ചക്ക സംസ്ഥാനഫലമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി ജെ.ആർ.സി. സംസ്ഥാനവ്യാപകമായി നാലുലക്ഷം പ്ലാവിൻതൈകളാണ് നട്ടുവളർത്തുന്നത്.

പോഷകസമ്പന്നമായ ചക്കയുടെ ഉപയോഗം വർധിപ്പിക്കുക, ചക്ക അധിഷ്ഠിത മൂല്യവർധിത ഉത്പന്നങ്ങൾ പരിചയപ്പെടുത്തുക തുടങ്ങിയവയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പദ്ധതിയുടെ ഭാഗമായി സ്കൂളിലെ വിദ്യാർഥികൾക്ക് പ്ലാവിൻതൈകൾ ഉത്പാദിപ്പിക്കാനാവശ്യമായ വിത്തുകൾ, ഗ്രോബാഗുകൾ തുടങ്ങിയവ വിതരണംചെയ്തു.

സ്കൂളിലെ പ്ലാവിൽനിന്നു ലഭിച്ച പഴുത്ത ചക്ക കഴിച്ചാണ് എല്ലാവരും പിരിഞ്ഞത്.

പെരുമണ്ണ ക്ലാരി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് പൊതുവത്ത് ഫാത്തിമ ഉദ്ഘാടനംചെയ്തു. പ്രഥമാധ്യാപകൻ ആർ.എസ്. മുരളീധരൻ അധ്യക്ഷതവഹിച്ചു.


ജെ.ആർ.സി. കൗൺസിലർ അസൈനാർ എടരിക്കോട് പദ്ധതി വിശദീകരിച്ചു. ജംഷീർ പി., ജിൽസിയ പർവീൻ, ആഷിമ തസ്നി തുടങ്ങിയവർ സംസാരിച്ചു.

ചെട്ടിയാംകിണർ ജി.വി.എച്ച്.എസ്.എസിൽ 'മുറ്റത്തൊരു തേൻവരിക്ക' പദ്ധതി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് പൊതുവത്ത് ഫാത്തിമ ഉദ്ഘാടനംചെയ്യുന്നു

# 5 കർക്കിടകപ്പെരുമയിലൂടെ

കർക്കിടകപ്പെരുമ ,,,, ഔഷധ കഞ്ഞിയുടെ രുചിക്കൂട്ടറിഞ്ഞ് ചെട്ടിയാം കിണർ ഗവ: ഹൈസ്കൂൾ ഹരിത സേനാംഗങ്ങൾ, കർക്കിടക പ്പെരുമ ആഘോഷ പരിപാടി യുടെ ഭാഗമായി പാരമ്പര്യ രീതിയിൽ തയ്യാറാക്കിയ കർക്കിടക കഞ്ഞി കുട്ടികൾക്ക് വിതരണം ചെയ്തു. മൺ ചട്ടിയിൽ നിന്ന് പ്ലാവില കൊണ്ട് കഞ്ഞി കോരി കുടിച്ചത് പുതിയ അനുഭവമായി. ഔഷധ സസ്യങ്ങളുടെ പ്രദർശനം ,ഔഷധത്തോട്ട നിർമ്മാണം എന്നിവ നടന്നു. പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പൊതുവത്ത് ഫാത്തിമ ഉദ്ഘാടനം ചെയ്തു.





## 6 പുസ്തകോത്സവം

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വായനാവാരാചരണത്തോടനുബന്ധിച്ച് പുസ്തകോത്സവം നടത്തി.കോഴിക്കോട് മുദ്ര ബുക്സുമായി സഹകരിച്ച് ജൂലൈ 5,6 തീയ്യതികളിലായി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പുസ്തകോത്സവം കുട്ടികളുടെ പൂർണ്ണപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.







# 7 ബഷീർദിനം

ഇമ്മിണിബല്യഒന്നിന്റെ ദർശനം മലയാളിക്ക് നല്കിയ ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മദിനമായ ജൂലൈ 5 ന് 'ഇമ്മിണി ബല്യവെളിച്ചം 'എന്ന അനുസ്മരണ പരിപാടി അവാർഡ് ജേതാവും ചിത്രകാരനുമായ തോലാൽ സുരേഷ് ബഷീർ കൃതികളിലെ ദർശനങ്ങൾ കാൻവാസിൽ ആവിഷ്കരിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു.ബഷീർ കൃതികളുടേയും ബഷീർ പഠനങ്ങളുടേയും പ്രദർശനവും വിദ്യാരംഗത്തിന്റെ നേതൃത്വത്തിൽ നടന്നു.



# 8 തെളിച്ചം വെളിച്ചം

പഠനമികവിലേക്ക് ഉയരുന്നതിന് തടസമായി നില്ക്കുന്ന മാനസിക പിരിമുറുക്കങ്ങളെ അകററി പുതിയ പഠനാന്തരീക്ഷ ഒരുക്കുന്നതിനായി പത്താം തരത്തിലെ വിദ്യാർത്ഥികൾക്ക് '**തെളിച്ചം വെളിച്ചം** 'പരിപാടി ആഗസ്റ്റ് 16 ന് നടന്നു .കാലിക്കററ് യൂണിവേഴ്സിററി സൈക്കോളജി പഠന വിഭാഗത്തിലെ ഡാനിയേൽ,ബ്രൈററിൽ തുടങ്ങിയവർ ക്ലാസ് നയിച്ചു .



# 9 യോഗദിനം

ശാരീരികവും മാനസിവുമായ ആരോഗ്യം സൃഷ്ടിച്ച് മികച്ചപഠനാന്തരീക്ഷം ഒരുക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജൂൺ 21 ന് അന്താരാഷ്ട്ര യോഗദിനം ആചരിച്ചു. യോഗ ജീവിതചര്യയുടെ ഭാഗമാക്കി മാറ്റുന്നതിന് സ്കൂളിലെ കായികാധ്യാപകൻ ഡോ.മുഹമ്മദ് മുസ്തഫയുടെ നേതൃത്വത്തിൽ നടന്ന ക്ലാസിന് കഴിഞ്ഞു.



# 10 സാക്ഷരതാദിനം

കേവലമായ എഴുത്തും വായനയുമല്ല അറിവിലേക്കുള്ള സ്വാതന്ത്ര്യ പ്രഖ്യാപനമാണ് സാക്ഷരത എന്ന സന്ദേശവുമായി സാമൂഹ്യശാസ്ത്ര ക്ലബ്ബ് ആഗസ്റ്റ് 8 ന് നടത്തിയ സാക്ഷരതാദിനം വേറിട്ട അനുഭവമായി. തുടർവിദ്യാകേന്ദ്രത്തിലെ പഠിതാക്കളേയും നവസാക്ഷരരേയും ആദരിച്ചുകൊണ്ട്നടന്ന ദിനാചരണം സാക്ഷരതാപ്രവർത്തനത്തിൻെറ പ്രാധാന്യം എടുത്തു കാട്ടുന്നതായി മാറി.



## സാക്ഷരതാദിനം ആചരിച്ചു

ചെട്ടിയാംകിണർ ഗവ. ഹൈസ്കൂളിൽ നടന്ന സാക്ഷരതാദിനാചരണത്തിൽനിന്ന്

**കോട്ടയ്ക്കൽ** ▸ ലോക സാക്ഷരതാ ദിനത്തിൻെറ ഭാഗമായി ചെട്ടിയാംകിണർ ഗവ. ഹൈസ്കൂളും ജൂനിയർ റെഡ്ക്രോസിൻെറയും മാതൃഭൂമി വി.കെ.സി. നന്മ ക്ലബ്ബിൻെറയും നേതൃത്വത്തിൽ നവസാക്ഷരരെയും തുല്യതാ പഠിതാക്കളെയും ആദരിച്ചു.

താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സി.കെ.എ. റസാഖ് ഉപഹാരങ്ങൾ സമർപ്പിച്ചു.

ഡോ. ശശിധരൻ ക്ലാരി, സി. കോയ, സി.ടി. ശിന്തുമോൾ, സാഹിറ, ജസീന്താ എബ്രഹാം, രാകേഷ് ആർ. നായർ, അനിൽ എന്നിവർ പങ്കെടുത്തു.





## 11 ഗണിതക്ലിനിക്ക് :

ഗണിതശാസ്ത്ര ക്ലബ്ബ് ' സൂത്രക്കൂട്ടത്തിന് ' കീഴിൽ ഗണിതക്ലിനിക്ക് ആഗസ്റ്റ് 31 ന് ആരംഭിച്ചു .എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് ഒരു മണിക്കൂറാണ് ക്ലിനിക്ക് പ്രവർത്തിക്കുക.ഗണിതശാസംബന്ധമായ സംശയനിവാരണത്തിനും ഗണിതശാസ്ത്രത്തിലെ പ്രശ്നപരിഹാരത്തിനുമുള്ള തുറന്ന വേദിയാണ് ഗണിതക്ലിനിക്ക്.


GVHSS
CHETTIYANKINER
ഗണിത ക്ലിനിക്ക്


GVHSS
CHETTIYANKINER
സൂത്രക്കൂട്ടം - ഗണിത ക്ലബ്
ഗണിത ക്ലിനിക്ക്
(വെള്ളി 1 pm - 2 pm)



## 12 അധ്യാപക ദിനം

അധ്യാപക ദിനത്തിൻെറ ഭാഗമായി എട്ട്,ഒൻപത്,പത്ത് ക്ലാസുകളിലെ തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ അധ്യാപകരായി വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുത്തു .വിദ്യാലയത്തിലെ അധ്യാപകരെ ആദരിക്കുന്ന ചടങ്ങ് അധ്യാപക ദിനത്തിൻെറ മാററ്കൂട്ടി.



## 13 മോട്ടിവേഷൻ ക്ലാസ്

അക്കാദമിക രംഗത്ത് പുതിയ വെളിച്ചം പകർന്ന് പത്താം തരത്തിലെ വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു.പാലക്കാട് ചിറ്റൂർ ഗവ: കോളേജ് പൊളിററിക്കൽ സയൻസ് വിഭാഗം അസിസ്ററൻറ് പ്രൊഫസർ പ്രശാന്ത് ക്ലാസ് എടുത്തു.



# 14 ശാസ്ത്രരംഗം

ഇന്ത്യൻശാസ്ത്രപ്രതിഭ സി.വി രാമൻെറ ജന്മദിനമായ നവംബർ 7 'ശാസ്ത്രരംഗം' പരിപാടിക്ക് തുടക്കം കുറിച്ചു.തിരൂരങ്ങാടി പിഎസ്എംഒ കോളജിലെ ഫിസിക്സ് വിഭാഗം അസിസ്ററൻറ് പ്രൊഫസർ മുഹമ്മദ് ഷാഫി ലേസറിനെ കുറിച്ച് ക്ലാസ് എടുക്കുകയും കുട്ടികളെക്കൊണ്ട് പരീക്ഷണങ്ങൾ ചെയ്യിപ്പിക്കുകയും ചെയ്തു.


ശാസ്ത്ര രംഗം
ഉദ്ഘാടനം: മുഹമ്മദ് ഷാഫി
BenQ


ശാസ്ത്രരംഗം
ബുധൻ
നവംബർ: 7
2018
ഉദ്ഘാടനം:
ഡോ: മുഹമ്മദ് ശാഫി
അസി. പ്രൊഫസർ, പി.എസ്.എം.ഒ തിരൂരങ്ങാടി
ജി.വി.എച്ച്.എസ്.എസ്
ചെട്ടിയാൻകിണർ



## 15 പായ്ക്കററിലെ മരണം

മലയാളിയുടെ മാറിവരുന്ന ഭക്ഷണശീലത്തിൻെറ അപകടം തുറന്നുകാണിച്ചുകൊണ്ട് 'പായ്ക്കററിലെ മരണം' എന്ന പരിപാടി ലോകഭക്ഷ്യ ദിനത്തിൻെറ ഭാഗമായി നടന്നു. വിവിധ പായ്ക്കററ്ഉത്പന്നങ്ങളിലേയും നിത്യേന ഉപയോഗിക്കുന്ന ഭക്ഷണവസ്തുക്കളിലേയും മായം തിരിച്ചറിയുന്നത് പരീക്ഷണത്തിലൂടെ കാണിച്ചുകൊടുത്തത് വേറിട്ട അനുഭവമായി.




## 16 ഓസോൺ ദിനം

പ്രകൃതി സംരക്ഷണത്തിലൂടെ മാത്രമേ പുതിയ തലമുറയ്ക്ക് ഭൂമിയിൽ ജീവൻെറ തുടിപ്പ് നിലനിർത്താൻ കഴിയൂ എന്ന സന്ദേശം ഉയർത്തിപ്പിടിച്ചു കൊണ്ട് സെപ്റ്റംബർ 14 ന് വിദ്യാർത്ഥികൾ **$0_3$** മാതൃകയിൽ കുടകൾ ചൂടി ഭൂമിക്കൊരു കുട ഞങ്ങൾ തീർക്കുമെന്ന് പ്രതിജ്ഞ ചെയ്തു .



# 17 ഹിന്ദീ ദിവസ്

ദേശീയ ഹിന്ദീദിനത്തോടനുബന്ധിച്ച് സെപ്റ്റംബർ 14 ന് ചേർന്ന സ്കൂൾ അസംബ്ലി ഹിന്ദിയിൽ നടത്തി.തുടർന്ന് ഒരാഴ്ച പ്രാർത്ഥന ,പ്രതിജ്ഞ ,പത്രവാർത്ത എന്നിവ ഹിന്ദിയിലാക്കി.കൂടാതെ '**ആജ് കാ ശബ്ദ്** 'എന്ന പേരിൽ 8 B ക്ലാസിലെ ആദിത്യയും വിവേകും ദിവസേന ഒരു ഹിന്ദി വാക്ക്  മലയാളം അർത്ഥം കൊടുത്ത് പരിചയപ്പെടുത്തി വരുന്നു .




## 18 മഴവില്ലഴക്

ചെട്ടിയാൻകിണർ സ്കൂളിന്റെ സ്വന്തം റേഡിയോ 'വോയ്സ് ഓഫ് മഴവില്ലഴക് 'വിനോദത്തോടൊപ്പം വിജ്ഞാനവും പകർന്നു നൽകുന്നു.ഒന്നിടവിട്ട ദിവസങ്ങളിൽ ഉച്ചഭക്ഷണസമയത്ത് നടത്തുന്ന പത്ത് മിനുട്ട് പരിപാടിയിൽ സാഹിത്യകാരൻമാർ, ശാസ്ത്രജ്ഞർ തുടങ്ങി പ്രമുഖരെ പരിചയപ്പെടുത്തൽ ,ടെലി ക്വിസ് എന്നിവ നടത്തി വരുന്നു. വിവിധ വിഷയങ്ങളെ കുറിച്ചുള്ള പ്രഭാഷണങ്ങളും ദിനാചരണപരിപാടികളും മഴവില്ലഴകിനെ മികവുററതാക്കുന്നു.

# 19 സേ നോ വാർ

കാരണങ്ങളും ഫലങ്ങളും പഠിപ്പിച്ച പാഠങ്ങൾക്കപ്പുറത്താണ് യുദ്ധത്തിന്റെ ദുരന്തങ്ങൾ നേരിട്ട ജനതയെന്ന തിരിച്ചറിവോടെ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ച് കൊണ്ട് നടന്ന യുദ്ധവിരുദ്ധപ്രഖ്യാപനവും സേ നോ വാർ റാലിയും ഹിരോഷിമാ-നാഗസാക്കി ദിനത്തിന്റെ ഭാഗമായി നടന്നു. സമാധാനത്തിന്റെ വെള്ളരിപ്രാവുകളെ പറത്തി ലോകസമാധാനത്തിന്റെ സന്ദേശവും സേനോ വാറിലൂടെ കൈമാറി.



# 20 അതിജീവനത്തിൻെറ ചൊല്ലുകൾ

കേരളപ്പിറവി ദിനത്തിൽ, പോയകാലത്തെ പ്രതിസന്ധികളെ മറികടക്കാൻ ഉപയോഗിച്ച പഴഞ്ചൊല്ലുകൾ ശേഖരിച്ച് പഴഞ്ചൊൽ മൂല ആരംഭിച്ചു. സമൂഹമാധ്യമങ്ങളുടെ കെട്ടിലും മട്ടിലും രൂപപ്പെടുത്തിയിട്ടുള്ള പഴഞ്ചൊൽ മൂലയിലെ സമകാലിക വിഷയങ്ങളെ കൈകാര്യം ചെയ്യുന്ന 'ട്രോളൻ ' ഏറെ വ്യത്യസ്തമാണ്.



# 21 അതിജീവനത്തിന്റെ കേരളം

കേരളത്തിനുമുകളിൽ പെയ്തിറങ്ങിയ സമാനതകളില്ലാത്ത ദുരന്തത്തെ അതിജീവിക്കാൻ ഒറ്റക്കെട്ടായുള്ള പ്രവർത്തനങ്ങൾക്കേ കഴിയൂ എന്ന ബോധ്യത്തിലൂന്നിയുള്ള സമഗ്ര പരിപാടികൾക്കാണ് ഈ വർഷത്തെ കേരളപ്പിറവി ദിനത്തിൽ പ്രാമുഖ്യം. അതിജീവനത്തിന്റെ നില്പ് വര (ചിത്രകാരൻമാരുടെ കൂട്ടായ്മ) അതിജീവനത്തിന്റെ മരം, അതിജീവനത്തിന് പ്ലാസ്റ്റിക് രഹിതക്യാമ്പസ്, പ്രളയകാല ചിത്രങ്ങളുടെ പ്രദർശനം, അതിജീവനത്തിന് വിശപ്പ് രഹിതസ്കൂൾ (കഞ്ഞിവെള്ളം ചാലഞ്ച്, കഞ്ഞിവെള്ളപ്പുരനിർമ്മാണം), ലഹരിമുക്തകേരളം- ഫ്ളാഷ് മോബ് , അതിജീവനത്തിന്റെ ചൊല്ലുകൾ (പഴഞ്ചൊൽമൂല) അതിജീവനം പതിപ്പ് (വാല്യം1,2) അതിജീവനത്തിന് കൂട്ടായ്മയുടെ 'മനുഷ്യമതിൽ' തുടങ്ങിയ നിരവധിയായ പ്രവർത്തനങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്.

# 22 പാസ് വേഡ് 2018-19

വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ലക്ഷ്യം വെച്ച് കൊണ്ട് സംസ്ഥാന ന്യൂനപക്ഷവകുപ്പ് നടത്തുന്ന 'പാസ് വേഡ് 'പദ്ധതിയുടെ ദ്വിദിന ശിൽപശാല സംഘടിപ്പിച്ചു.ഉപരിപഠനമേഖലകളിൽ തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഭാവിസാധ്യതകൾ പ്രയോജനപ്പെടുത്തുന്ന 'കരിയർ ഗൈഡൻസ്', 'മോട്ടീവേഷൻ & ഗോൾ സെററിംഗ്' തുടങ്ങി വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു.



## 23 വളകിലുങ്ങും കൗമാരം

കൗമാരക്കാരായ വിദ്യാർഥിനികളുടെ പഠനമികവിന് തടസമായി മാറിയേക്കാവുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരമെന്ന നിലയിൽ 'വളകിലുങ്ങും കൗമാരം' എന്ന പരിപാടി സപ്തംബർ 3 ന് നടന്നു. ഡോ. സലീന ബാപ്പൂട്ടിയുടെ നേതൃത്വത്തിൽ നടന്ന പരിപാടി വിദ്യാർത്ഥിനികൾക്ക് ഏറെ ഗുണകരമായി.



ചെട്ടിയാംകിണർ ഗവ. ഹൈസ്കൂൾ ജൂനിയർ റെഡ്ക്രോസിൻെറ ആഭിമുഖ്യത്തിൽ കൗമാരക്കാരായ പെൺകുട്ടികൾക്കായി നടത്തിയ ബോധവത്കരണം

**ബോധവത്കരണം നടത്തി**

**കോട്ടക്കൽ:** വളകിലുങ്ങും കൗമാരം പ്രശ്നങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ ബോധവത്കരണം നടത്തി.

ചെട്ടിയാംകിണർ ഗവ. ഹൈസ്കൂൾ ജൂനിയർ റെഡ്ക്രോസിൻെറ ആഭിമുഖ്യത്തിൽ കൗമാരക്കാരായ പെൺകുട്ടികൾക്കായാണ് പരിപാടി സംഘടിപ്പിച്ചത്. സൈക്കോളജിസ്റ്റ് സലീന ബാപ്പുട്ടി നേതൃത്വം നൽകി. പ്രധാനാധ്യാപകൻ ആർ.എസ്. മുരളീധരൻ അധ്യക്ഷത വഹിച്ചു. അസൈനാർ എടരിക്കോട് സ്വാഗതവും സ്റ്റാഫ് സെക്രട്ടറി രാഗേഷ് ആർ. നായർ നന്ദിയും പറഞ്ഞു.

## 24 നാദിയാമുറാദ് വി. ആർ. വിത് .യു

ലോകപെൺകുട്ടി ദിനത്തോടനുബന്ധിച്ച് പെൺകുട്ടികളോടുള്ള സമൂഹത്തിന്റെ അധമചിന്താഗതികളെ മാറ്റി പുതിയ മനോഭാവം വളർത്തുക എന്ന ലക്ഷ്യത്തോടെ ജൂനിയർ റെഡ് ക്റോസും

സാമൂഹ്യശാസ്ത്ര ക്ളബ്ബും സംയുക്തമായി നടത്തിയ നാദിയാമുറാദ് വി. ആർ. വിത് .യു എന്ന പരിപാടി, സ്കൂളിലെ ഒറ്റപെൺകുട്ടികളെയും ഇരട്ട പെൺകുട്ടികളെയും ആദരിച്ച് കൊണ്ട് നടന്നു. സമാധാനത്തിനുള്ള നോബൽ സമ്മാനജേതാവ് നാദിയാമുറാദിനോടുള്ള ഐക്യദാർഢ്യം എന്ന നിലയിൽ നാദിയാമുറാദ് വി. ആർ. വിത് .യു എന്ന പ്രതിജ്ഞയും ചൊല്ലി.

## 25 ഭരണഘടനാദിനാചരണം

ഭരണഘടന നാം അറിഞ്ഞിരിക്കേണ്ടത് എന്ന വിഷയത്തിൽ എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് കാലിക്കററ് യൂണിവേഴ്സിററി വിദൂരവിദ്യാഭ്യാസ വിഭാഗം അസിസ്ററൻറ് പ്രൊഫസർ രഞ്ജിത്ത് ക്ലാസ് എടുത്തു.




THE CONSTITUTION OF INDIA
WE, THE PEOPLE OF INDIA
നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും
ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും
സാമ്പത്തികവും രാഷ്ട്രീയവുമായ നീതി,
ചിന്ത, ആശയാവിഷ്കാരം, വിശ്വാസം,
മതനിഷ്ഠ, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,
സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള
സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും
വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും
അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം
എല്ലാവരിലും വളർത്തുന്നതിനും
ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവച്ച്
1949 നവംബർ ഇരുപത്തിയാറാം
ഭരണഘടനയെ അംഗീകരിക്കുകയും
നമുക്കായിത്ത
ചെയ്യു
ഇന്ത്യൻ ഭരണഘടന
ക്ലാസ് നയിക്കുന്നത്: രഞ്ജിത്ത്
അസി: പ്രൊഫ. കാലിക്കറ്റ് യൂനിവേഴ്സിറ്റി
നവം: 29
2 PM
ഭാരത് സ്കൗട്ട്&ഗൈഡ്സ്
ജി.വി.എച്ച്.എസ്.എസ് ചെട്ടിയാൻ കിണർ

# 26 ശ്രദ്ധ -ഏകദിന ശില്പശാല

ശ്രദ്ധ-മികവിലേക്കൊരു ചുവട് പദ്ധതിയുമായി ബന്ധപ്പെട്ട് നവംബർ 14 ന്ഏകദിന ശില്പശാല നടത്തി. ഡോ.സജില, ജയ (മഞ്ചേരിഎഫ്.എം),ജംഷീറ,ഇന്ദു തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ് എടുത്തു.









# 27 ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി

ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജിയും കേരള ആരോഗ്യവകുപ്പും സംഘടിപ്പിച്ച ജീവിതശൈലീരോഗ അപായഘടകങ്ങളെ കുറിച്ചുള്ള സെൻസിറ്റൈസേഷൻ വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിന് സഹായകരമായി. 'ആരോഗ്യകരമായ ഭക്ഷണം','വ്യായാമശീലം' തുടങ്ങിയ വിഷയങ്ങളിൽ വിവിധ ക്ലാസുകൾ നടന്നു.







## 28 മലയാളത്തിളക്കം

പഠനപാഠ്യേതരവിഷയങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഉപകാരപ്രദമാകുന്ന രീതിയിൽ ചിട്ടപ്പെടുത്തിയ മലയാളത്തിളക്കം പദ്ധതി 04-11-2018 ന് തുടങ്ങി 05-12-2018 ന് വിജയപ്രഖ്യാപനത്തോടെ സമാപിച്ചു.നാല് ബാച്ചുകളിലായി 82 വിദ്യാർത്ഥികൾക്ക് പരിശീലനം നല്കിയ പരിപാടിയിൽ, **'തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം'** ,ബി.ആർ.സി. പരിശീലകർ ,തദ്ദേശസ്ഥാപനങ്ങളിലെ അംഗങ്ങൾ,രക്ഷിതാക്കൾ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തി.



## 29 അക്ഷരപ്പൂമഴ

വിദ്യാർത്ഥികളെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്താനായി 'അക്ഷരപ്പൂമഴ 'പദ്ധതിക്ക് തുടക്കം കുറിച്ചു.ശാസ്ത്രസാഹിത്യപരിഷത്ത് പ്രസിദ്ധീകരിച്ച അക്ഷരപ്പൂമഴ പുസ്തകങ്ങൾ ശ്രദ്ധ,മലയാളത്തിളക്കം എന്നിവയുടെ തുടർപ്രവർത്തനം എന്ന നിലയിൽ വിദ്യാർത്ഥികൾക്ക് നൽകി.



അക്ഷരപ്പൂമഴ
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്



# 30 ടോക്കിംഗ് ക്ലബ്

ടോക്കിംഗ് ക്ലബിലൂടെ കമ്യൂണിക്കേററീവ് ഇംഗ്ലീഷ് മെച്ചപ്പെടുത്താനായി 20 കുട്ടികൾക്ക് ആഴ്ചയിൽ ഒരു മണിക്കൂർ പരിശീലനം നൽകുകയും ഓരോ കുട്ടിയും അവരുടെ രണ്ട് സഹപാഠികൾക്ക് വീതം പരിശീലനം പകർന്ന് നൽകുകയും ചെയ്യുന്ന പരിപാടിക്ക് 03.12.2018 ന് തുടക്കമായി.






## 31 ഫുട്ബോൾ അക്കാദമി

കായികരംഗത്ത് കാൽപ്പന്തുകളിയിലെ പുതിയ പ്രതിഭകളെ സംഭാവനചെയ്യുക എന്ന ലക്ഷ്യത്തോടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ആരംഭിച്ച ഫുട്ബോൾ അക്കാദമി മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ യു. ഷറഫലി ഉദ്ഘാടനം ചെയ്തു. കേരളബ്ലാസ്റ്റേഴ്സ് ജൂനിയർ പരിശീലകനായ കെ.ടി.ജ്യോതിഷ് കായികാധ്യാപകനായ ഡോ.മുഹമ്മദ് മുസ്തഫ തുടങ്ങിയ പ്രമുഖർ പരിശീലനം നൽകുന്ന ഫുട്ബോൾ അക്കാദമിയെ കേരളത്തിലെ കാൽപ്പന്തുകളിയിലെ

മെക്കയായ മലപ്പുറം ഏറെ പ്രതീക്ഷയോടെയാണ് കാണുന്നത്



ഷ്ണൻ എന്നിവരും പങ്കെടുത്തു.

ചെട്ടിയാംകിണർ ഗവ. ഹൈസ്കൂളിലാരംഭിച്ച ഫുട്ബാൾ അക്കാദമിയിലെ വിദ്യാർഥികളും പരിശീലകരും ആർ.ആർ.ആർ.എഫ് കമാൻഡൻറ് യു. ഷറഫലിക്കൊപ്പം

ഫുട്ബാൾ അക്കാദമി യാഥാർഥ്യം

## ചെട്ടിയാംകിണർ ഹൈസ്കൂൾ കായിക കുതിപ്പിലേക്ക്

**കോട്ടക്കൽ:** കാൽപന്ത് കളിയെ ഹൃദയത്തോട് ചേർത്തുവെച്ച പെരുമണ്ണയിലെ കുട്ടികൾക്ക് ഹനീഫ മെമ്മോറിയൽ ക്ലബ് ദുബായ് വിങ്ങിൻെറ സ്നേഹോപഹാരം.

ചെട്ടിയാംകിണർ ഗവ. ഹൈസ്കൂളിലാരംഭിച്ച ഫുട്ബാൾ അക്കാദമി മുൻ ഇന്ത്യൻതാരവും റാപിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സ് ആർ.ആർ.ആർ.എഫ് കമാൻഡൻറുമായ യു. ഷറഫലി നാടിന് സമർപ്പിച്ചു. കേരള ബ്ലാസ്റ്റേഴ്സ് ജൂനിയർ കോച്ച്, ഡി. ലൈസൻസ് ഹോൾഡർ എന്നി നിലകളിൽ ശ്രദ്ധേയനായ കെ.ടി. ജ്യോതിഷാണ് ഫുട്ബാൾ അക്കാദമിയുടെ പ്രധാന പരിശീലകൻ. കായികാധ്യാപകനായ ഡോ. മുഹമ്മദ് മുസ്തഫയാണ് മറ്റൊരു കോച്ച്.

ക്ലബിൻെറ രക്ഷാധികാരിയും താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമായ സി.കെ.എ. റസാഖ്, ഫാഹിസ് പൊതുവത്ത്, സായിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എച്ച്.എം.എസ്.സി അംഗം സിദ്ദീഖുൽ അക്ബർ മുണ്ടശ്ശേരി എന്നിവരെ അനുമോദിച്ചു. പെരുമണ്ണ ക്ലാരി പഞ്ചായത്ത് പ്രസിഡൻറ് പൊതുവത്ത് ഫാത്തിമ, പി.ടി.എ പ്രസിഡൻറ് മേനാട്ടിൽ ഹംസകുട്ടി, കേളി അബ്ബാസ്, റഷീദ് ചെരിച്ചി, പ്രിൻസിപ്പൽ ഇൻചാർജ് ഐ.വി. അബ്ദുൽ ജലീൽ എന്നിവർ സംബന്ധിച്ചു. പ്രധാനാധ്യാപകൻ ആർ.എസ്. മുരളീധരൻ സ്വാഗതവും ജൂനിയർ റെഡ്ക്രോസ് കൗൺസിലർ അസൈനാർ എടരിക്കോട് നന്ദിയും പറഞ്ഞു.

## 32 എല്ലാരും പാടത്ത്

കൃഷിയുടെ ആവശ്യകത ഉയർത്തിക്കാട്ടി തരിശായികിടന്ന പാടങ്ങളിൽ നെൽകൃഷിയിറക്കിക്കൊണ്ട് ദേശീയഹരിതസേനയുടെ നേതൃത്വത്തിൽ നടന്ന 'എല്ലാരും

പാടത്തേക്ക്" എന്ന പരിപാടിക്ക് സപ്തംബർ 19 ന് തുടക്കമായി. പാടത്ത് കൃഷി വകുപ്പിലയും, നാട്ടുകാരുടെയും തദ്ദേശസ്ഥാപനങ്ങളിലെ പ്രതിനിധികളുടേയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് നടന്ന പരിപാടി വിളവെടുപ്പിന് ശേഷവും തുടർപ്രവർത്തനമായി മുന്നോട്ടു പോകും.




..........................................

# ഓർമയുടെ അപരാധം

കഥ ഫഹ്മിദ-10A

സന്ധ്യാ സമയം. സൂര്യൻ കടലിലേക്ക് ചാടാനിരിക്കുന്നു. കൂടണയുന്ന പക്ഷികളുടെ ശബ്ദം അയാൾ കാതോർത്തു. അയാൾക്ക് ഒന്നും തന്നെ ഓർമയില്ലായിരുന്നു. വെള്ളമുണങ്ങിയ ആ ചുണ്ടുകൾക്ക് ഇനി ഒന്നും പറയാനില്ലായിരുന്നു. എല്ലാം അവസാനിച്ച ഒരു നിമിഷം ഒരേയൊരു നിമിഷം! ആരുമില്ലാതെ ആരാരുമില്ലാത്ത സങ്കടത്തിന്റെ ആഴക്കടൽ അദ്ദേഹത്തിന്റെ മനസ്സിനുള്ളിൽ ആർത്തിരമ്പുന്നു. അദ്ദേഹമോർത്തു.

അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ കൂട്ടുകാരോടൊപ്പം കളിച്ചും ചിരിച്ചും ഓർമിക്കാനാവുന്ന തന്ത്രങ്ങൾ പങ്കുവെച്ചതുമെല്ലാം. നന്നായി പഠിക്കുന്നില്ലെങ്കിലും നന്നായി കച്ചറ കളിച്ചതും ചീത്ത പറഞ്ഞതുമെല്ലാം ഒർമയിലുണ്ട്. അന്നത്തെ വിദ്യാലയ മുറ്റത്തിൽ നിന്നും പത്താം ക്ലാസ് കഴിഞ്ഞിറങ്ങിയ ഒർമകൾ. വിദ്യാലയത്തിന്റെ മുറ്റത്തെ മാഞ്ചുവട്ടിൽ കറങ്ങി തിരിഞ്ഞ കാറ്റുകൾ അദ്ദേഹത്തിന്റെ മുടിയിഴകളെ പാറി കളിപ്പിച്ചു - തന്റെ ഉമ്മയും ഉപ്പയും തനിക്ക് എല്ലാം എല്ലാം ആയിരുന്നു. ഒരു മകനായ കാരണം അവർ തന്നെ വാങ്ങി കൊടുത്തു ഓമനിച്ചു വളർത്തി .അതാണ് മാതാപിതാക്കൾ ചെയ്ത ഏറ്റവും വലിയ തെറ്റ്. സ്കൂൾ വിട്ട് വന്ന ഒരു ദിവസം ഞാനെന്റെ ഉമ്മയോട് മൊബൈൽ ഫോൺ വാങ്ങി തരാൻ ആവശ്യപ്പെട്ടു. എല്ലാം വാങ്ങി തന്നിരുന്ന അവർ അതിനു മാത്രം വിസമ്മതിച്ചു.

അന്നത്തെ ദിവസം രാത്രി ഞാൻ വീട് വീട്ടിറങ്ങി' എന്നടേക്കെന്നില്ലാതെ ആരുമില്ലാതെ കുറച്ചു പണവുമായി ഒരു ചെറിയ കാര്യത്തിന്റെ വാശിയോടെ വീട് വിട്ടിറങ്ങി. അങ്ങനെ ബസ്സിൽ കയറി, ട്രെയിനിൽ കയറി എവിടേക്കെന്നില്ലാതെ യാത്രയായി. ട്രെയിനിൽ വെച്ച് കുറച്ച്

കൂട്ടുകാരെ പരിചയപ്പെട്ടു. പക്ഷെ, അവരത്ര നല്ലവരായിരുന്നില്ല.അവരാണ് എന്നെ തന്നെ മാറ്റിമറിച്ചത്.അവരെല്ലാം ബീഡി വലിക്കുന്നവരും കള്ള് കുടിക്കുന്നവരും എല്ലാം എല്ലാം ഉള്ളവരായിരുന്നു. അവരെ പോലെ ഞാനും ആയിതീർന്നു.അങ്ങനെ കയ്യിലുള്ള പണം തീർന്നു. വിശന്ന് വലഞ്ഞു എല്ലായിടത്തും തപ്പി നടന്നു. ട്രെയിനിൽ നിന്നും ഇറങ്ങി. അവിടെയെല്ലാം അപേക്ഷിച്ചു. അവസാനം ഞാനും എന്റെ കൂട്ടുകാരും ജോലി ചെയ്യാൻ തീരുമാനിച്ചു.അങ്ങനെ ട്രെയിനിലേക്ക് കയറുന്നവരുടെ പെട്ടിചുമന്നു .കുറച്ച് പണം കിട്ടി .ഭക്ഷണം കഴിച്ചു. തെരുവിലെ പീടികതറയിൽ കിടന്നുറങ്ങി, കൂട്ടുകാരായ അബുവും മനും റഷീദും കൂടെയുണ്ടായിരുന്നു. അവരെല്ലം എന്നെ പോലെ തന്നെ വഴിതിരിഞ്ഞ് അലഞ്ഞവരാണ്. അങ്ങനെ പട്ടിണിയും ദുരിതവും പേറി കഴിഞ്ഞ് കൂടി .തെരുവിലെ ചന്തകളിൽ ഭക്ഷണത്തിനു വേണ്ടി പണിയെടുത്തു. പിന്നീട് തന്റെ തീരുമാനം എന്റെ വീടും ഉപ്പയും ഉമ്മയും ആയിതീർന്നു ,അങ്ങനെ ഒരു ചെറിയ കാര്യത്തിന് നാട് വിടേണ്ടിയിരുന്നില്ല എന്ന് തോന്നാപ്പോയി.

അബൂക്കയുടെ പച്ചക്കറി പീടികയലായുന്നു ജോലി, കണ്ടാൽ അദ്ദേഹമൊരു നല്ല ആളാണെന്നെ പറയൂ - പക്ഷെ, ആ പീടികയിലെ എല്ലാ ജോലിയും എന്നെ കൊണ്ട് തന്നെ ചെയ്യിപ്പിച്ചു.അദ്ദേഹത്തിനരികിൽ അടിമയെ പോലെ നരകജീവിതത്തിന് തുല്യമായ എന്റെ ജീവിതം, ചോദിക്കാനും പറയാനും ആരുമില്ലാത്ത എന്നോട് നന്നായി ക്രൂരമായി പെരുമാറി; ഇതിലും ഭേദം എനിക്ക് പഠിക്കുന്നത് തന്നെയായിരുന്നു. ഒരു ചേട്ടന്റെ മുഖത്താണ് ഞാൻ ദയ കണ്ടത്. അയാൾ എന്നോട് എല്ലാം ചോദിച്ചറിഞ്ഞു. ഞാനെന്റെ എല്ലാ കാര്യവും പറഞ്ഞു. അദ്ദേഹമെന്നെ വീട്ടിലെത്തിക്കാം എന്നെനിക്ക് ഉറപ്പ് തന്നു. അതിന് കുറച്ച് പണം വേണമെന്നും പറഞ്ഞു. അബുക്കയുടെ അടുത്ത് നിന്നും കിട്ടുന്ന പണം എനിക്ക് ഭക്ഷണത്തിന് തന്നെ തികയില്ലായിരുന്നു. പക്ഷെ അതിൽ നിന്നും കുറച്ച് മാറ്റിയും ഭക്ഷണം കഴിക്കാതെയും ഞാൻ ഞാൻ അദ്ദേഹത്തെ ഏൽപ്പിച്ചു.പക്ഷെ, അദ്ദേഹമൊരു മനുഷ്യനായിരുന്നില്ല. അദ്ദേഹമെന്നെ ചതിക്കുകയായിരുന്നു .അതിനിടയിൽ എന്റെ കൂട്ടുകാരെല്ലാം എവിടെന്ന് പോലും

എനിക്കറിയാതായി.ആ ചേട്ടനെ പിന്നെ ഞാൻ കണ്ടതേയില്ല. അങ്ങനെ ആർക്ക് വേണ്ടി ജീവിക്കുന്നത് പോലും അറിയാതെ ഞാൻ എന്റെ റബ്ബിനോട് പ്രാർത്ഥിക്കാൻ തുടങ്ങി.ദിവസങ്ങളോളം ,ആഴ്ചകളോളം, മാസങ്ങളോളം തെരുവിൽ കിടന്നും ഭക്ഷണം കഴിക്കാതെയുമാണ് ഞാൻ ജീവിച്ചത്.അതിനിടയിൽ ഉപ്പയും ഉമ്മയും എന്നെ കാണാതെ പലയിടത്തും അന്വേഷിച്ചു.

പത്രത്തിൽ വാർത്ത കൊടുത്തു എനിക്കറിയില്ലായിരുന്നു അതൊന്നും. ഞാനെത്തിപ്പെട്ടത് കൊൽക്കത്തയിലായിരുന്നു ഒരു ദിവസം അപ്രതീക്ഷിതമായി ഞാൻ കടയിൽ ജോലി ചെയ്യുമ്പോൾ എന്നെ സഹായിക്കാം എന്ന് പറഞ്ഞ് ചേട്ടനെ കണ്ടു ഞാൻ അദ്ദേഹത്തെ വിളിച്ചു അപ്പോഴേക്കും അവസ്ഥ ഒരു വൃത്തികെട്ട കോലമായിരുന്നു.ഞാൻ വിചാരിച്ചു അദ്ദേഹമെന്നെ ചതിച്ചുവെന്ന്.പക്ഷേ അദ്ദേഹം എന്നെ എന്റെ വീട്ടുകാരുടെ അടുത്തെത്തിച്ചു.വർഷങ്ങൾക്ക് ശേഷം എന്റെ ഉമ്മയെ ഞാൻ കണ്ടു. ഉമ്മയ്ക്ക് എന്നെ മനസ്സിലായി,നിശബ്ദത പാലിച്ച വീട്ടിലേക്ക് കയറിയപ്പോൾ എനിക്ക് ആശ്വാസം തോന്നി.പക്ഷേ അതൊരു സങ്കടത്തിലാഴ്ത്തി,ഉപ്പയെ തിരക്കിയപ്പോൾ എല്ലാമായ ഉപ്പ മരിച്ചു പോയിരുന്നു, ഉമ്മയാവട്ടെ ആരുമില്ലാതെ കരഞ്ഞ് കുഴിഞ്ഞ കണ്ണുകളുമായി നിൽക്കുന്നു .മകനെ.....ഉമ്മ എന്നെ വിളിച്ചു, ഞാൻ തിരിഞ്ഞു നോക്കി .അപ്പോൾ ഞാനും ഉമ്മയും കടൽ കാണാനായി വന്നതാണ് എന്ന ഓർമ്മ എന്നെ അതിൽ നിന്നും ഉണർത്തിയത്.കവിളിലൂടെ ഒലിച്ച കണ്ണുനീർ തുള്ളികൾ ഉമ്മ തുടച്ച് തന്നു.

............................................................................

# മരിക്കുന്ന വായന

ഉപന്യാസം ഷഹന.പി.പി-9A

'വായന മരിക്കുന്നു'എന്നത് ഈ ലോകത്ത് പൊതുവേ കേട്ട്കൊണ്ടിരിക്കുന്ന ഒരു പരാതിയായി മാറിയിരിക്കുകയാണ്. ഇതിന്റെ മുഖ്യകാരണം നവ സാങ്കേതിക വിദ്യയുടെ കടന്നു കയറ്റമാണെന്ന് നിസ്സംശയമാണ്.

'ന്യൂ ജനറേഷൻ 'എന്ന ഓമനപ്പേരുള്ള ഈ തലമുറ വായനയെ വെറുപ്പോടെയാണ് ഉറ്റുനോക്കുന്നത്.പുസ്തകങ്ങൾ അവർ കൈകൊണ്ട് തൊട്ടിട്ടുതന്നെ കാലമൊരുപാടായിട്ടുണ്ടെന്ന് ശങ്കയില്ലാതെത്തന്നെ നമുക്ക് പറയാം.ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട കാര്യം,ഈ തലമുറ വായനയുടെ മഹത്വം മനസ്സിലാക്കാതെ പോവുന്നു എന്നതാണ്.ഇന്ന് ലോകം ഒരു വിരൽത്തുമ്പിലേക്ക് ചുരുങ്ങുകയും ഓർമിച്ച് വെക്കൽ ആവശ്യമില്ലാതെ വരികയും ചെയ്ത ഈകാലത്ത് പുസ്തകങ്ങൾ ഒരു പാഴ്വസ്തുവായിട്ടാണ് പലരുടേയും വീക്ഷണം.എങ്കിലും ഇന്നും പുസ്തകത്തെ സ്നേഹിക്കുന്നവർ ഉണ്ട് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല.

ഈ തലമുറയിലെ കുട്ടികൾക്ക് പുസ്തകങ്ങളുടെ മഹത്വം ശരിക്കും മനസ്സിലായിട്ടില്ല.ഇതിനൊരു പരിധി വരെ പുസ്തകങ്ങളേയും എഴുത്തുകാരേയും പറ്റി അവബോധമുണ്ടാക്കുന്നതിൽ അധ്യാപകരും രക്ഷിതാക്കളും ഉത്സാഹം കാണിക്കേണ്ടതാണ് എന്നത് പറയാതെ വയ്യ.അനേകം പണ്ഡിതന്മാരുടെ വിജ്ഞാന മുത്തുകൾ സൂക്ഷിച്ച അമൂല്യനിധിയാണ് പുസ്തകങ്ങളെന്ന് നമ്മൾ ആദ്യം മനസ്സിലാക്കേണ്ടതുണ്ട്.നമ്മളെ ശിക്ഷിക്കാതെ നമുക്ക് ലോകത്തെ മനസ്സിലാക്കിത്തരുന്ന ഒരു ഗുരുനാഥനുണ്ടെങ്കിൽ അത് പുസ്തകങ്ങൾ

മാത്രമാണെന്ന സത്യവുംനമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.ലോകത്തിൽ അറിയപ്പെട്ടവ രിൽ ബഹുഭൂരിപക്ഷം പേരും പുസ്തകങ്ങളുടെ കൂട്ടുകാരാണ്.ഇതിന ർത്ഥം വായന എന്നത് നമ്മെ ഉന്നതിയിലേക്ക് നയിക്കുന്ന ഒന്ന് എന്നതല്ലേ.

എന്നാൽ വായനക്കും പുസ്തകത്തിനും പ്രാധാന്യം നൽകാതെ സോഷ്യൽമീഡിയക്ക് അധിഷ്ഠിതമായവർക്ക് ഉയർന്നൊരു പദവിയിലെത്തുക എന്നത് വളരെ അരോചകരമായൊരു കാര്യമാണ്.അതിനുപരി അവർ വാക്കുകളേയും സംസ്കാരത്തേയും തൊട്ട് ദരിദ്രരായിത്തീരുകയും ചെയ്യും.ഈ ദാരിദ്ര്യത്തിന് ഒരേയൊരു പരിഹാര മാർഗം വായന മാത്രമാണ്.പുസ്തകത്തിനും വായനക്കും മാത്രമേ നമ്മെ ഈയൊരവസ്ഥയിൽനിന്നും കരകയറ്റാൻ സാധിക്കൂ.

ഈ തലമുറയിൽ ജീവിക്കുന്ന നമ്മളെല്ലാവരും മേൽപറഞ്ഞ കാര്യത്തിൽ ദരിദ്രരാണ് എന്നത് ഞാനിവിടെ ഓർമ്മപ്പെടുത്താതെ തന്നെ നമുക്ക് ഊഹിക്കാവുന്നതാണ്.അതിനാൽ നമുക്കിനിമുതൽ പുസ്തകങ്ങളെ ചങ്ങാതികളാക്കാം.മരിക്കുന്ന വായനയെജീവിതത്തിലേക്ക് കൈപിടിച്ചുയർത്താം.
നമ്മെ ഒരേ സമയം പലവിധത്തിൽ സഹായിക്കാൻ കഴിയുന്ന പ്രതിഫലം മോഹിക്കാത്ത ഗുരുനാഥനാണ് പുസ്തകങ്ങളെന്ന ചിന്ത നമ്മുടെ മനസ്സിൽ സദാ കുടിയിരുത്തുക.കുഞ്ഞുണ്ണി മാഷി ൻെറ ഈ നാല് വരി മനസ്സിൻെറ കോണിൽ നമുക്കേവർക്കും കുറിച്ചിടാം.

“വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും"

# ജീവിത ദൂരം

കവിത

**ഷാക്കിറഫർഹാന-10A**

എത്രയോ ദൂരങ്ങൾ

താണ്ടിനാമോരോരുത്തരുമെത്തിടുന്നൊരു വഴിയിൽ

കല്ലുകൾ ,മുള്ളുകൾ, ചതുപ്പനിലങ്ങളിങ്ങനെ

പല വിധ മുഖം മൂടിയണിഞ്ഞ ജീവിത

മാകുന്ന പരീക്ഷണശാലയില്ലൂടെ

നാമോരോരുത്തരും പല ദൂരങ്ങൾ

പിന്നിടുമ്പോളാർക്കറിയാം

ആർക്കറിയാം ,

എത്ര ദൂരം പിന്നിട്ടെന്നും

എത്രയാണിനി പിന്നിടേണ്ടതെന്നും

ജീവിതത്തിന്റെ മുഖം മൂടി എന്നും

പളുങ്കുപാത്രങ്ങളാകില്ല

കല്ലുകളാൽ പാദങ്ങളിൽ മുറിവേൽപ്പിക്കുന്നതോ

അതോ,

ചിത്തത്തിൽ മഞ്ഞു വീഴ്ത്തുന്നതോ ,

ആർക്കുമറിയില്ലത്

ജീവിതമാകുന്ന രഹസ്യ അറയിലേക്കാ

ഴ്ന്നിറങ്ങുമ്പോൾ ,

ഇനി എത്ര ദൂരം ..... എത്ര ദൂരം .......

ഇനിയെന്ത്, വരും നിമിഷമെന്ത്

ജീവിതമാകുന്ന നൗകയെ

തുഴയുമ്പോഴാർക്കറിയാം ,

ഇനിയെത്ര ദൂരം

ഇനിയെത്ര മധുരവും കയ്പ്പും!

..........................................................................

# അംഗീകാരങ്ങൾ

മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച കൊണ്ട് 2017-18 വർഷത്തെ മാതൃഭൂമി അവാർഡ് ചെട്ടിയാം കിണർ ഗവ: ഹൈസ്കൂൾ കരസ്ഥമാക്കിയ വിവരം സന്തോഷ പൂർവ്വം അറിയിക്കട്ടെ.... ഏറ്റവും മികച്ച വിദ്യാലയത്തിനുള്ള അവാർഡ് ,മികച്ച അധ്യാപകനുള്ള അവാർഡ് ,ലൈബ്രറി പ്രവർത്തന ങ്ങൾക്കുള്ള അവാർഡ് ,മലപ്പുറം ജില്ലയിലെ മികച്ച ജൂനിയർ റെഡ്ക്രോസ് യൂണിറ്റിനുള്ള അവാർഡ് എന്നിവ കുറഞ്ഞ കാലം കൊണ്ട് നേടി എടുക്കാൻ സാധിച്ചു എന്നത് അഭിമാനകരമാണ്.ഗണിത ശാസ്ത്രമേളയിൽ ജില്ലാതലം വരെ കുട്ടികൾ പങ്കെടുത്തു. കൂടാതെ മലപ്പുറം ജില്ലക്ക് വേണ്ടി സംസ്ഥാന തലത്തിൽ ഹാൻഡ്ബോൾ മത്സരത്തിലും പങ്കെടുത്തത് ഈ കൊച്ചു വിദ്യാലയം തന്നെയാണ്.



ലൈബ്രറി പ്രവർത്തനങ്ങൾക്കുള്ള മാതൃഭൂമി പുരസ്കാരം വി.കെ സി പ്രതിനിധി ഹമീദലിയിൽ നിന്നും

സ്വീകരിക്കുന്നു.




2017-18 വർഷത്തെ മികച്ച അധ്യാപകനുള്ള മാതൃഭൂമി നന്മ പുരസ്കാരം കോഡൂർ ചെമ്മങ്കടവ് ഹൈസ്കൂളിൽ വെച്ച് നടന്ന ചടങ്ങിൽ പി. ഉബൈദുല്ല എം.എൽ.എ യിൽ നിന്നും ചെട്ടിയാം കിണർ ഹൈസ്കൂൾ അധ്യാപകൻ അസൈനാർ എടരിക്കോട് സ്വീകരിക്കുന്നു.



2017-18 വർഷത്തെ മികച്ച നന്മ പ്രവർത്തനങ്ങൾക്കുള്ള മാതൃഭൂമി പുരസ് കാരം ചെട്ടിയാം കിണർ ഗവ: ഹൈസ്കൂൾ പി.ഉബൈദുല്ല എം.എൽ.എയിൽ നിന്ന് ഏറ്റുവാങ്ങുന്നു. 15000 രൂപയും പ്രശംസാപത്രവും ഉപഹാരവും അടങ്ങുന്നതാണ് അവാർഡ്.



മലപ്പുറം ജില്ലയിലെ മികച്ച ജൂനിയർ റെഡ് ക്രോസ് യൂണിറ്റിനുള്ള പുരസ്കാരം ജൂനിയർ റെഡ് ക്രോസ് സംസ്ഥാന കോർഡിനേറ്ററിൽ നിന്നും ചെട്ടിയാം കിണർ ഹൈസ്കൂൾ ജൂനിയർ റെഡ് ക്രോസ് കൗൺസിലർ അസൈനാർ എടരിക്കോട്ടും ജെ ആർ സി കാഡറ്റുകളും ചേർന്ന് തിരൂർ വാഗൺ ട്രാജഡി ഹാളിൽ നടന്ന ചടങ്ങിൽ വെച്ച് ഏറ്റു വാങ്ങുന്നു.

..........................................................................................................................

# चाँदनी

चाँदनी. . . .   चाँदनी. . . .

तू कितना सुन्दर है ।

तू किसकी तलाश करता है . . .

तुम्हारा दोस्त कौन है

नक्षत्र   आसमान   चाँद. . . .

निशा में तू सुन्दर दिखता है ।

तुम्हारा रंग मुझे  अत्भुत करता है

रंग बिरंगी प्यारी चाँदनी . . .

मैं तुझे अन्वेष करता हुँ  . . .

ऩिशा में आसमान में  आँखें चलाता हुँ. . .

एक समूह. . .

तु मुझसे मुस्कुरा करता है ।

चाँदनी. . . चाँदनी. . .

तु कितना सुन्दर है. . .

••••••••••••••••••••••••••••••

# കൈയ്യെത്താ ദൂരം

കവിത

ഫഹ്മിദ-10A

വാർധക്യത്തിന്റെ പടുകുഴിയിലേക്ക്
വീഴുന്ന ഒരു വൃദ്ധൻ
എന്തെന്നില്ലാതെ ആർക്ക് വേണ്ടി
യെന്നറിയാതെ ദൂരേക്ക്
അങ്ങ് ദൂരേക്ക് മായുന്നു...

അയാളുടെ ശരീരത്തോട്
ഒത്ത് തന്നെ അവരുടെ നിഴൽ
റോഡിൽ സ്പർശിക്കുന്നു
നിരാശ നിഴലിക്കുന്ന ആ മുഖത്ത്
ഒരു മങ്ങിയ പ്രകാശമുണ്ട്
അധ്വാനിച്ച് തളർന്ന ശരീരവുമായി
ദൂരേക്ക് മായാൻ പോയ് മറയാൻ ഒരുങ്ങുന്നു....

മനസ്സിൽ ഏറെ നിരാശയോടെ
പുറകോട്ട് നോക്കാതെ. തന്റെ
യൗവ്വന ജീവിതത്തെ
അയാൾ സന്തോഷത്തോടെ ഓർക്കുന്നു

വയലിൽ ആർക്കൊക്കെ വേണ്ടി
പണിയെടുത്ത് തന്റെ ഭാര്യയ്ക്കും
മക്കൾക്കും വേണ്ടി ആവോളം
പണിയെടുത്ത വിയർപ്പിൻ
ജ്വാലകൾ ഒഴുകുന്നതിൻ
നറുമണം ഇളം കാറ്റിൽ
ആകാശത്തേക്ക് വീശി

വീശിയ കാറ്റിന്റെ തണുപ്പേറ്റ്
അദ്ദേഹം ഒന്നുകൂടി ഉന്മേഷവാനായി
കാറ്റത്ത് ആടി കുഴയുന്ന ശരീരവും
ഷർട്ടും തുണിയുമായി അദ്ദേഹം
വീണ്ടും നടക്കാനൊരുങ്ങുന്നു.

തന്റെ മക്കൾ ഏറെ സന്തോഷത്തോടെയും
ആർഭാടത്തോടെയും
ജീവിക്കുന്നതറിഞ്ഞ് അയാൾ സന്തോഷിക്കുന്നു.
എന്നിട്ടും മക്കളുപേക്ഷിച്ച വൃദ്ധനാണെന്നയാൾ മറന്നു.
അയാളോളം വലുപ്പമുള്ള നിഴൽ അയാൾക്കിന്ന് കൂട്ടുണ്ട്!

.............................................

# കോഴിക്കോടിന്റെ വസന്തത്തിലേക്ക്

യാത്രാവിവരണം **ഫാത്തിമ ഷാന -8A**

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ദിവസമായിരുന്നു ഡിസംബർ 7 വെള്ളി.ഏറ്റവും വ്യത്യസ്തമായ അനുഭവമായിരുന്നു അത്.അങ്ങനെ ആ രാവിലെ കടന്നു വന്നു,ദിവസങ്ങളായി ഞാൻ കാത്തിരുന്ന ആ യാത്ര.ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സിന്റെയും ദേശീയ ഹരിതസേനയുടെയും ആഭിമുഖ്യത്തിൽ കോഴിക്കോട്ടേക്കായിരുന്നു പഠനയാത്ര.

ടൂർ പോകാൻ വേണ്ടി ഞാൻ സ്കൂളിൽ വന്നത് വളരെയേറെ സന്തോഷത്തിലായിരുന്നു.ഞങ്ങൾ സ്കൂളിൽ നിന്ന് പുറപ്പെട്ടത് ഏഴ് മണിക്കാണ്.എന്നെ പോലെ എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു.ബസ് എത്തിയപ്പോൾ അതിൽ കയറാനുള്ള തിടുക്കവും ഓരോ മുഖത്തിലുമുണ്ടായിരുന്നു.ബസ് മെല്ലെ നീങ്ങി.ബസിലെ പാട്ടുകൾക്കൊപ്പം ഞങ്ങൾ ആവേശത്തോടെ നൃത്തം ചെയ്തു.ആദ്യം ഞങ്ങൾ എത്തിയത് ബേപ്പൂരിലുള്ള തീരസംരക്ഷണസേനയുടെ ആസ്ഥാനത്താണ്.വളരെ മനോഹരമായ സ്ഥലമായിരുന്നു അത്.ഞങ്ങൾക്ക് ആ സ്ഥലം വളരെ ഇഷ്ടപ്പെട്ടു.ഞങ്ങൾ ആ സ്ഥാപനത്തിന്റെ ഒരു ഭാഗത്തിലൂടെ നടന്നു നീങ്ങി.മനോഹരമായ പൂന്തോട്ടം അവിടെ ഉണ്ടായിരുന്നു.നേരെ ഞങ്ങൾ നടന്നെത്തിയത് പുഴയിലേക്കായിരുന്നു.ആ പുഴയുടെ കരയിൽ ചപ്പുചവറുകളുണ്ടായിരുന്നു.പിന്നെ നടന്നപ്പോൾ മനോഹരമായ പുഴ! പാലത്തിൽ കൂടി നടന്നു.ചെറിയമീനുകളെയും വലിയ മീനകളെയും ഞണ്ടുകളെയും ഞങ്ങൾ കണ്ടു.അതിനുശേഷം ഞങ്ങൾ അവരുടെ സ്ഥാപനത്തിൽ കയറി.വലിയ മീറ്റിംഗ് ഹാളിൽ വെച്ച് അവർ ഞങ്ങൾക്ക് ക്ലാസെടുത്തു.നല്ലക്ളാസായിരുന്നു.അവരുടെ കൂടെ നിന്ന് ഫോട്ടോ എടുത്ത് ഞങ്ങൾ മടങ്ങി.

അവിടെ നിന്ന് ഞങ്ങൾ ജങ്കാറിൽ കയറാൻ പോയി. നല്ല

രസമായിരുന്നു ആ യാത്ര.ജങ്കാറിൽ നിന്ന് ഇറങ്ങിയ ശേഷം ലൈറ്റ് ഹൗസിലേക്കാണ് പോയത്.ഞങ്ങൾ അതിന്റെ പടികൾ കയറാൻ തുടങ്ങി.ആകെ 127 പടികൾ ഉണ്ടായിരുന്നു.കുത്തനെയുള്ള കോണിയാണ്.ആ കോണി കയറാൻ അൽപം പ്രയാസമാണ്.ചിലർ ഒഴിഞ്ഞു മാറി.ഞാനും കൂട്ടുകാരികളും മുകളിൽ വരെ കയറി ഫോട്ടോ എടുത്തശേഷം അവിടെ നിന്ന് ഇറങ്ങി,വീണ്ടും ജങ്കാറിൽ കയറി.ബസ് അക്കരെയായിരുന്നു.

പിന്നെ ഞങ്ങൾ പോയത് വൈക്കം മുഹമ്മദ് ബഷീറിന്റെ വീട്ടിലേക്കാണ്.അവിടെ വെച്ച് റാഷിഫലി സർ ഞങ്ങൾക്ക് കുറെ കാര്യങ്ങൾ പറഞ്ഞുതന്നു.അദ്ദേഹത്തിന്റെ പല കൃതികളും എനിക്ക് ഓർമ വന്നു.പിന്നീട് ഞങ്ങൾ പോയത് പ്ലാനറ്റോറിയത്തിലേക്കാണ്.അവിടുത്തെ പച്ചപ്പിൽ ഇരുന്ന് ഞങ്ങൾ ഭക്ഷണം കഴിച്ചു.അതിനു ശേഷം അവിടെയുള്ള ശാസ്ത്രവുമായി ബന്ധപ്പെട്ട കളികളിൽ ഏർപ്പെട്ടു. ഓരോ കലികളും എനിക്ക് വളരെ അധികം ഇഷ്ടപ്പെട്ടു.എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് കണ്ണാടിമുറി ആയിരുന്നു.അങ്ങനെ ഞങ്ങളുടെ 3 D ഷോയുടെ സമയമായി.കണ്ണടകൾ വാങ്ങി.അതിൽ ആസ്വദിച്ചിരുന്നു. നല്ല ഭംഗിയായിരുന്നു കാണാൻ . പിന്നീട് കോഴിക്കോട് ബീച്ചിലേക്ക് പോയി. ഞങ്ങൾ അധികനേരം കടലിനോടൊപ്പം കളിച്ചു ഫോട്ടോ എടുത്തു. നനവും മണലും നിറഞ്ഞതായി ഞങ്ങളുടെ ദേഹം മുഴുവൻ. അഞ്ച് മണിയോടെ ഞങ്ങൾ യാത്ര തിരിച്ചു. ആർക്കും തന്നെ തിരിച്ചു വരാൻ ആഗ്രഹമില്ലായിരുന്നു.

..........................................................

# സ്ത്രീപക്ഷ രാഷ്ട്രീയവും ജനാധിപത്യവും

ഉപന്യാസം

തസ്‌ലീമ -10A

ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാണ് ജനാധിപത്യമെന്നാൽ ജനങ്ങളിൽനിന്ന് ജനപ്രതിനിധിയെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നു. എല്ലാരാജ്യങ്ങളും ജനാധിപത്യ രാജ്യങ്ങളല്ല.ഒരുപാട് രാജ്യങ്ങളിൽ ഏകാധിപത്യം നിലനിൽക്കുന്നുണ്ട്.

ജനാധിപത്യം ഒരു മഹത്തായ വലിയ കാര്യമാണ് ,എന്തെന്നാൽ ഒരു ഏകാധിപതിയാണ് ഭരണം നടത്തുന്നത് എങ്കിൽ അയാളുടെ ക്രൂരതകളും നന്മകളും ജനങ്ങൾ അക്ഷരംപ്രതി അനുസരിക്കണം. അയാൾക്കെതിരെ നാവ് ഉയരാൻ പാടില്ല ,എല്ലാവരും അയാളെ അംഗീകരിക്കണം .എന്നാൽ ജനാധിപത്യത്തിൽ കാര്യങ്ങൾ മറിച്ചാണ് സംഭവിക്കുന്നത്.നേതാക്കളെ ജനങ്ങളുടെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നു. വിമർശനങ്ങൾക്കും ഇളവുകളുണ്ട് സ്വാതന്ത്ര്യം, സമത്വം,സാഹോദര്യം എന്നതിലൂടെയാണ് ജനാധിപത്യത്തെ നാം വിലയിരുത്തേണ്ടത് .നമ്മുടെ സ്വതന്ത്ര ഇന്ത്യയിൽ ഓരോ പൗരനും ചില മൗലിക അവകാശങ്ങൾ ഉണ്ട് ,ഒരാൾക്ക് ഏത് മതം സ്വീകരിക്കാനും പഠിക്കാനും വസ്ത്രം ധരിക്കാനും ഉള്ള അവകാശങ്ങൾ ഉണ്ട് .പിന്നെ സമത്വം ഇന്ന് അതിന്റെ വളരെ വലിയ വിജയത്തിൽ എത്തിയിട്ടുണ്ട് .ആദ്യം സമത്വത്തിന്റെ കാര്യത്തിൽ ഉയർന്നുവന്നിരിക്കുന്ന ഒരു കാര്യമാണ് സ്ത്രീ-പുരുഷ വ്യത്യാസം. ഇന്ന് ആ ഗതി മാറി എല്ലാ രംഗത്തിലും സ്ത്രീകൾ പ്രവേശിച്ചുകഴിഞ്ഞു ട്രാൻസ്ജെൻഡർ മുന്നേറ്റം വന്നുകൊണ്ടിരിക്കുന്നു .സാഹോദര്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രധാനമായും പരസ്പര സ്നേഹവും പരസ്പരധാരണയും ആണ്.

എന്നാൽ ഇവയെല്ലാം പതിയെ പതിയെ മങ്ങുന്നുണ്ടോയെന്ന് സംശയമാണ്. അഴിമതി രാഷ്ട്രീയവും ജനാധിപത്യത്തിനെതിരായ ഭരണവും നമ്മിൽ നിന്ന് ഒരുപാട് അകലെയല്ല. മതത്തിന്റെ പേരിൽ പരസ്പര ശത്രുത ഇന്ന് സ്ഥിരം കാഴ്ചയാണ് .ഇങ്ങനെ സംഭവിക്കുമ്പോൾ നാം ഓർക്കേണ്ട ഒരു പ്രധാന കാര്യം നമ്മുടെ സ്വതന്ത്ര ഇന്ത്യജനാധിപത്യ രാഷ്ട്രം ആകാൻ എത്രയോ എത്രയോ മുസൽമാന്റെയും ഹിന്ദുവിന്റെയും കഠിനപ്രയത്നം ഉണ്ട്.

സ്ത്രീയെ വിലയിരുത്തുകയാണെങ്കിൽ ആദ്യകാലങ്ങളിൽ സ്ത്രീയെ എന്നും പിന്നിലേക്ക് മാറ്റി നിർത്തുന്ന സാഹചര്യമാണ് ഉണ്ടായിരുന്നത്. അവർക്ക് വിദ്യാഭ്യാസം നിഷേധിച്ചു, സ്വാതന്ത്ര്യം നിഷേധിച്ചു പൊതുരംഗത്തേക്ക് പ്രവേശനം നിഷേധിച്ചു.യഥാർത്ഥത്തിൽ സ്ത്രീക്ക് അവളുടെ നഗ്നത മറക്കാൻ പോലുമുള്ള സ്വാതന്ത്ര്യം ഇവിടെ അന്യമായിരുന്നു .എന്നാൽ നിരവധി സമരങ്ങളിലൂടെ അവൾ അത് നേടിയെടുത്തു .സ്ത്രീക്ക് എല്ലാ തരത്തിലുമുള്ള സ്വാതന്ത്ര്യം രൂപപ്പെട്ടു .പണ്ടുകാലത്ത് സ്ത്രീകൾക്ക് ജോലി എന്നത് വളരെയേറെ അന്യമായിരുന്നു .പ്രാഥമിക വിദ്യാഭ്യാസം പോലും അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു എന്നാൽ ഇന്ന് എവിടെയും സ്ത്രീ മുന്നിലാണ് .ജോലിയിലും പഠനത്തിലും തുടങ്ങി എല്ലാ രംഗങ്ങളിലും സ്ത്രീ ഏറെ മുന്നിലാണ്.

രാഷ്ട്രീയത്തിൽ പോലും സ്ത്രീകൾ സജീവമാണ് .സ്ത്രീ പക്ഷ രാഷ്ട്രീയം എന്നത് സ്ത്രീകളുടെ ഉന്നമനത്തിനായി വളരെയേറെ സഹായിക്കുന്ന ഒരു കാര്യമാണ് .ഇതു മുഖേന സ്ത്രീയുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ വളരെയേറെ സഹായകമാണ്. രാജ്യത്തിൻറെ രാഷ്ട്രീയം ഇപ്പോൾ സ്ത്രീകളിലും ഉയർന്നു വന്നു കൊണ്ടിരിക്കുന്നു .ക്യാമ്പസ് രാഷ്ട്രീയം സ്ത്രീ വളരെയേറെ മുന്നിലാണ് .ഇത് സ്ത്രീകൾക്കെതിരെയുള്ള ക്രൂരതകൾ അടിച്ചമർത്താൻ  വളരെയേറെ സഹായകമാണ് .ഒരു സ്ത്രീക്ക് മറ്റു സ്ത്രീകളുടെ വിഷമങ്ങൾ മനസ്സിലാകും മനസ്സിലാക്കാൻ ബുദ്ധിമുട്ടൊന്നുമില്ല .സ്ത്രീക്ക് ഇത്രയേറെ മുന്നേറ്റം ഉണ്ടായിട്ടും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വളർന്നു വരുന്നു .അതിനെ അടിച്ചമർത്താൻ ഒരു സ്ത്രീപക്ഷ രാഷ്ട്രീയത്തിനു ഏറെ സഹായകമാണ് .പണ്ടു കാലങ്ങളിൽ സ്ത്രീകൾക്ക് ജനാധിപത്യം എന്നത് സ്വപ്നം കാണാൻ പോലും

സാധ്യമല്ലായിരുന്നു .

പണ്ടുകാലങ്ങളിൽ സ്ത്രീ വേദനകളും യാതനകളും കാണാനും കേൾക്കാനും ആരും തയ്യാറായിരുന്നില്ല. ഇന്നവൾക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ് വിദ്യാഭ്യാസസ്ഥാപനങ്ങൾ മുതൽ ആരംഭിക്കുന്നു.ഇന്ന് സ്ത്രീക്ക് വേണ്ടി മാത്രമായി സംഘടനകൾ ഒരുപാടുണ്ട്. ഇന്നത്തെ സമൂഹത്തിൽ സ്ത്രീ പക്ഷ രാഷ്ട്രീയവും ജനാധിപത്യവും വളരെ അത്യാവശ്യമാണ് .സ്ത്രീകൾക്ക് എല്ലാ മേഖലകളിലും അവസരങ്ങൾ വളരെ കുറവായിരുന്നു, ഇന്ന് എല്ലാ മേഖലകളിലും അവസരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട് ഇന്ന് ജീവിതത്തിൽ പ്രയാസമനുഭവിക്കുന്ന സ്ത്രീകൾ വളരെ ഏറെയാണ്.അവർക്ക് ഒരു താങ്ങായി മുന്നോട്ടുവരാൻ രാഷ്ട്രീയക്കാരും ജനപ്രതിനിധികളും തയ്യാറാവുന്ന സ്ത്രീകൾക്കെതിരെയുള്ള ക്രൂരതകൾ കുറക്കുവാൻ വേണ്ട എല്ലാ സംവിധാനങ്ങളുംസുരക്ഷയും ഏർപ്പെടുത്തേണ്ടതുണ്ട് ,സ്ത്രീപക്ഷ ജനാധിപത്യം വിജയിക്കട്ടെ.

...........................................................................

# സ്കൂൾ  കായികപ്രവർത്തനങ്ങളിലൂടെ

- Brazil world cup പ്രചരണാർത്ഥം വിവിധ രാജ്യങ്ങളെ പ്രതിനിധീകരിച്ച് കുട്ടികളുടെ ഫുട്ബോൾ മൽസരം സംഘടിപ്പിച്ചു.കൂടാതെ ലോകകപ്പ് ക്വിസ് മൽസരവും സംഘടിപ്പിച്ചു
- അന്താരാഷ്ട്ര യോഗദിനത്തോടനുബന്ധിച്ച് അസംബ്ലിയിൽ യോഗ പ്രദർശനം നടക്കുകയുണ്ടായി. ക്വിസ് മൽസരവും നടത്തി
- സുബ്രതോകപ്പിനുള്ള under 14,under 17 ഫുട്ബോൾ സെലക്ഷനും തുടർ ദിവസങ്ങളിൽ 3 മുതൽ 5:30 വരെ കോച്ചിങ് ക്യാമ്പ് നടത്തി.
- ലോകകപ്പ് പ്രവചന മൽസരം സംഘടിപ്പിച്ചു.
- ആഗസ്റ്റ് 15 ന് മനുഷ്യപിരമിഡ്, മാർച്ച് പാസ്റ്റ് നടത്തി
- സുബ്രതോകപ്പ് സബ്ജില്ലാമൽസരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി
- ഫുട്ബോൾ അക്കാദമി യു.ഷറഫലി ഉദ്ഘാടനം ചെയ്തു

..................................

.Fourteen

# Golden Principles

# for Stress Free Living

Dr. Mohammed Musthafa
Physical Education

- There is always some advantage in every event of life.Think over the advantage.
- Do not worry about the mistakes done in the past.The past is a ghost.Do not worry about future which has not yet born.Make the present positive and creative.
- Do not compare yourself with others,you are a unique person in the world.
- Do not feel jealous of others;be contented
- Do not feel superior to others;give up ego.
- Do not try to solve many problems at a time.Open only one compartment and put maximum efforts.
- If you cannot solve a problem despite of all efforts,do not be unhappy.Time is the best healer.

- Consider your crtics as your well wisher.By describing your weakness,they are acting as Psychotherapist.Also do not criticise others at their back.
- Do not think of taking revenge -forgive and forget.
- Surrender all worries to god and relax.
- Have positive attitude towards day to day events.
- Check your mind traffic by observing your mind.It will stop producing unwanted thoughts.
- Laughter is an antidote to stress.Laugh on your mistakes but do not laugh on others
- practice meditation for 15 minutes daily. it will bring peace,poise and relaxation of mind and body.

# Exam Hall

## Poem Saranya-English

A hall transformed in to a court room,
the question papers and their partners,
answer sheets be the judges of genuineness.

Dubious eyes encounter with papers and watches,
for some,two and a half hours dash like a racing horse,
and for a few ,it crawls like a snail's speed.

At times,the court room becomes a prayer hall,
where the god gets down from the paradise,
with an enlightening touch.

A hide and seek game of mind after the right answers,
too laborious to come out victorious in the game,
true warrior the mind is,which works
with its weapon, the mighty 'pen '.

Doubtful eyes reflect happiness in the paper,
with the enlightened flash of mind.

. . . . . . . . . . . . . . . . . . . . . . . . . .

# ചിത്രപ്രദർശനം





